ശ്രീ. സി. കേശവൻ: രോഗികൾക്ക് ആവശ്യമായ മരുന്നുകൊടുക്കുന്നതിനു വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ശ്രീ. പി. നാണു: സാധുക്കളായ രോഗികൾക്ക് ആവശ്യമായ മരുന്നു ആശുപത്രിയിൽ ഇല്ലെങ്കിൽ അതു വാങ്ങിക്കൊടുക്കുന്നതിനുള്ള പണം ആശുപത്രികൾക്ക് നല്കിയിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഉണ്ടെന്നാണ് തോന്നുന്നതു്.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: എറണാകുളം ജനറൽ ആശുപത്രിയിൽ മുറിവുകൾ വച്ചുകെട്ടുന്നതിനുള്ള ലിനൻ കിട്ടുന്നില്ലെന്നു ഗവർമ്മെൻറിന് അറിയാമോ?

ശ്രീ. സി. കേശവൻ: ഇല്ല.

ശ്രീ. സി. വി. ഇസ്സു: ലിനൻ തന്നെയല്ലാ അവിടെ കുട്ടികൾക്ക് വയറിളക്കുവാനുള്ള മരുന്നു, വെരപ്പൊടി മുതലായതും കിട്ടുന്നില്ലെന്നറിയാമോ?

ശ്രീ. സി. കേശവൻ: തീർച്ചയായും അതെല്ലാം അവിടെ കിട്ടുന്നുണ്ടെന്നറിയാം.

ശ്രീ. സി. വി. ഇസ്സു: എന്നാൽ ഇപ്പോൾ ഞാൻ പറയുന്നു അതു അവിടെ കിട്ടുന്നില്ലെന്ന്.

ശ്രീ. സി. കേശവൻ: ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ മരുന്നു കൊടുത്തിട്ടുണ്ട്.

ശ്രീ. എ. കെ. പാച്ചുപിള്ള: നാട്ടിൻപുറങ്ങളിലെ ആശുപത്രികളിൽ രോഗികൾക്ക് ആവശ്യമുള്ളതായ മരുന്നുകൾ ഇല്ലെങ്കിൽ അതു പുറമേനിന്നും വാങ്ങിക്കുന്നതിന് വിശേഷാൽ പണം ചെലവു ചെയ്യുന്നതിനു അവിടെ ഇരിക്കുന്ന ഡാക്ടർക്ക ഗവർമ്മെൻറിൻെറ സാംഗ്ഷൻ കൂടാതെ പ്രത്യേക അധികാരമുണ്ടോ?

ശ്രീ. സി. കേശവൻ: നോട്ടീസു വേണം.

ചങ്ങനാശ്ശേരി—ആലപ്പുഴതോടു്

* ൧൦൮. (൪) **ശ്രീ. പി. കെ. കുമാരൻ ആചാരി:** താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പബ്ളിക്ക് വർക്ക്സ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ—

(എ) ചങ്ങനാശ്ശേരി-ആലപ്പുഴ തോടു വെട്ടിനു ആകെ എത്ര രൂപാ ചെലവുവരും;

(ബി) എത്ര കൊല്ലംകൊണ്ടു ഈ ജോലി പൂർത്തിയാകും?

ധനകാര്യവും ഭക്ഷ്യവും വകുപ്പു മന്ത്രി (**ശ്രീ. കെ. എം. കോര**):

(എ) ൩൫·൯ ലക്ഷം ഉറപ്പിക.

(ബി) ഉദ്ദേശം രണ്ടര കൊല്ലംകൊണ്ട് ഈ ജോലി പൂർത്തിയാകുമെന്നാണ് പ്രതീക്ഷ.

ശ്രീ. പി. കെ. കുമാരൻ ആചാരി: ആലപ്പുഴ—ചങ്ങനാശ്ശേരി തോടു പണി നിറുത്തി വയ്ക്കണമെന്നു ആരെങ്കിലും ആക്ഷേപം കൊടുത്തിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: പത്രങ്ങളിൽ ചില ആക്ഷേപങ്ങൾ ഉള്ളതായി കണ്ടിട്ടുണ്ട്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഈ തോടു ഇപ്പോൾ എത്ര മൈൽ വെട്ടിയിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. കോര: ഉദ്ദേശം രണ്ടര മൈലോളം പണി നടന്നിട്ടുണ്ട്.

ഭൂമിവിതരണം

* ൧൦൯. (ഡ) ശ്രീ. പി. കെ. കൃഷ്ണൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലാൻഡുവകുപ്പുമന്ത്രി സദയം മറുപടിപറയുമോ.—

(എ) നെയ്യാററിൻകര കുന്നത്തുകാൽ പകുതി കാട്ടുപ്പുകാണിപ്പാറ ഭൂമി എത്രപേൎക്കു പതിച്ചുകൊടുത്തിട്ടുണ്ടെന്നു പറയുമോ; അതിൽ പട്ടികജാതിക്കാരിൽപ്പെട്ട എത്രപേൎക്ക് ഭൂമി ലഭിച്ചിട്ടുണ്ടെന്നു പറയുമോ;

(ബി) ഈ ഭൂമി, വിതരണം സംബന്ധിച്ച് വല്ല പരാതികളും ഗവമ്മെൻറിനു ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വല്ല നടപടിയും എടുത്തിട്ടുണ്ടോ;

(സി) പ്രസ്തുതസ്ഥലത്ത് കാടുതെളിച്ച് ദേഹണ്ഡംചെയ്ത ഒരു പിന്നോക്കസമുദായക്കാരൻെറ കൈവശമിരുന്ന ഭൂമി പ്രസ്തുതഭൂമി വിതരണംനടത്തിയ ഒരു മെമ്പറുടെ ബന്ധുക്കൾക്കും ചാർച്ചക്കാൎക്കുമായി വീതിച്ചുകൊടുത്തു സംബന്ധിച്ചുള്ള പരാതി ഗവമ്മെൻറിലേക്ക് ലഭിച്ചിട്ടുണ്ടോ; അതിൽ വല്ല നടപടിയും നടത്തിയിട്ടുണ്ടോ?

വിദ്യാഭ്യാസവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി):

(എ) കുന്നത്തുകാൽ പകുതി കാട്ടുപ്പുകാണിപാറ ഭൂമി ആൎക്കും പതിച്ചുകൊടുത്തിട്ടില്ല.

(ബി) & (സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. കെ. കൃഷ്ണൻ ശാസ്ത്രി: ആ പകുതിയിൽ എതെങ്കിലും സ്ഥലം പതിച്ചുകൊടുത്തിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: അതിനടുത്തുള്ള ചില സർവെ നമ്പരുകളിൽനിന്നു സ്ഥലം കൊടുത്തിട്ടുള്ളതായി കാണുന്നുണ്ട്.

ശ്രീ. എൻ. കെ. കൃഷ്ണപിള്ള: അവിടെ ചിലർ പ്രത്യേകം അതിരു തിരിച്ചു തെങ്ങ്, കവുങ്ങ് മുതലായ വൃക്ഷങ്ങൾ വച്ചു പിടിപ്പിച്ചിട്ടുള്ള സ്ഥലങ്ങൾ അന്യൎക്കു പതിച്ചുകൊടുത്തിട്ടുള്ളതായി ഗവമ്മെൻണ്ടിലേക്കു വല്ല പരാതിയും കിട്ടിയിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: നോട്ടീസു വേണം.

Mr. Speaker: Next question.

ശ്രീ. പി. കെ. കൃഷ്ണൻ ശാസ്ത്രി: ഞാൻ ചോദിച്ച ചോദ്യത്തിൻെറ ഉത്തരം.

Mr. Speaker: I have already called the next question.

ഭൂമിപതിവ്

* ൧൧൦. (ൻ) ശ്രീ. പി. കെ. കൃഷ്ണൻ ശാസ്ത്രി: താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ലാൻഡുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

മൂവാററുപുഴ താലൂക്കിൽപ്പെട്ട മണ്ണാംകണ്ടം പിന്നോക്കസമുദായക്കാൎക്കു പതിച്ചുകൊടുക്കുവാൻ ഗവമ്മെൻറനുവദിച്ചതു് എന്നാണെന്നു പറയുമോ; ആ ഭൂമി ഇതിനകം ആൎക്കെങ്കിലും കൊടുത്തിട്ടുണ്ടോ?

വിദ്യാഭ്യാസവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി):

മണ്ണാംകണ്ടംപിന്നോക്ക സമുദായക്കാൎക്കു കൊടുക്കുന്നതിനു റിസർവ്വ് ചെയ്തതു് ൧൯൫൦ ആഗസ്റ്റ് ൨൯-ൽ ആണ്. ആ ഭാഗം ആൎക്കും കൊടുത്തിട്ടില്ല.